ഭരണഭാഷ-മാതൃഭാഷ

നഗരഗ്രാമാസൂത്രണ വകുപ്പ്
കോഴിക്കോട്ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
(ഹാജർ: ഐഷ പി.എ)

വിഷയം:- കൂത്താളി ഗ്രാമപഞ്ചായത്തിൽ, 3-ാം വാർഡിൽ , റി.സ 109/20,26,27-ൽപ്പെട്ട 39.69 സ്ഥലത്ത് 2018.82 ച.മീ വിസ്തീർണ്ണം വരുന്ന ഓഡിറ്റോറിയം കെട്ടിട നിർമ്മാണത്തിന്,ശ്രീ. ഇസ്മായിൽ എന്നവരുടെ അപേക്ഷയിൽ - ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-ശ്രീ. ഇസ്മായിൽ, S/o ഇബ്രാഹിം ഹാജി എന്നവരുടെ അപേക്ഷ

ഉത്തരവ് നമ്പർ സി1-2783/2019/കെ.ഡിസ് തീയ്യതി 21.10.2019

കൂത്താളി ഗ്രാമപഞ്ചായത്തിൽ, 3-ാം വാർഡിൽ, റി.സ 109/20,26,27-ൽപ്പെട്ട 39.69 സ്ഥലത്ത് 2018.82 ച.മീ വിസ്തീർണ്ണം വരുന്ന ഓഡിറ്റോറിയം(B+GF+FF) കെട്ടിട നിർമ്മാണത്തിന് എഫ്.എ.ആർ-0.51, കവറേജ്-34.47%) കെ.പി.ബി.ആർ-2011നും അനുബന്ധഭേദഗതികൾക്കും അനുസൃതമായി താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകുന്നു.

1) പ്ലോട്ടിന്റെ അതിരളവുകൾ, ഉടമസ്ഥാവകാശം, അപേക്ഷകന് കെട്ടിടം നിർമ്മിക്കുവാനുള്ള അവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2) ഫയർഫോഴ്സ് ഡയരക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ ഉള്ള അംഗീകാരം ലഭ്യമാക്കിയിരിക്കേണ്ടതാണ്.
3) പ്ലോട്ടിനോട് ചേർന്നിരിക്കുന്ന ഉയർന്നിരിക്കുന്നതും, താഴ്ന്നിരിക്കുന്നതുമായ മറ്റു പ്ലോട്ടുകൾക്ക് നിർമ്മാണം മൂലം ബുദ്ധിമുട്ടുകൾ വരാതിരിക്കുവാൻ ആവശ്യമായ സരക്ഷണ നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്.
4) നിർദ്ദിഷ്ട കെട്ടിടത്തിൽ നിന്നും ബഹിർഗമിക്കാവുന്ന ഖരമാലിന്യങ്ങൾ ആരോഗ്യകരമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്യുപ്പെൻസി അനുവദിക്കുന്നതിനുമുൻപ് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5) കെട്ടിടത്തിൽ നിന്നും നിർഗമിക്കുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള സംവിധാനം പ്രായോഗികമായി നടപ്പാക്കിയിട്ടണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
6) അംഗപരിമിതർക്കായുള്ള സൗകര്യങ്ങൾ, മഴവെള്ള സംഭരണ സംവിധാനം എന്നിവ പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
7) നിർമ്മാണ സ്ഥലത്തേയ്ക്കുള്ള വഴിയുടെ ഉടമസ്ഥ/ഉപയോഗ അവകാശം, വീതി എന്നിവ സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
8) നിർമ്മാണം കെ.പി.ബി.ആർ-2011ന് വിധേയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
9) മലിന ജല ശുദ്ധീകരണ പ്ലാന്റ് അതിർത്തിയിൽ നിന്നും 7.5 മീറ്റർ അകലം ലഭ്യമാകുന്ന തരത്തിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

താങ്കളുടെ അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാൻ ടി.പി/എൽ.എ/ 33/2019 എന്ന നമ്പറായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

*Note:- ഈ ഉത്തരവ് കെട്ടിട നിർമ്മാണ അനുമതി അല്ല. ആയത് ക്രമപ്രകാരം അപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റെണ്ടതാണ്.*

ഐഷ പി.എ
നഗരാസൂത്രക

സ്വീകർത്താവ്: Sri. Ismayil, S/o Ibrahim Haji
Kuruppacha Mannil, Muthuvannacha P.O, 673 508 -PIN
(1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ്:-1 . സെക്രട്ടറി, കൂത്താളി ഗ്രാമപഞ്ചായത്ത് 2. വെബ്സൈറ്റ് 3. ഫയൽ

DESPATCHED
23/10/19